മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 5

# വാർത്താക്കുറിപ്പ്

## പഠനവൈകല്യം: ദേശീയ സെമിനാർ

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസും (ഐ.ആർഎൽ.ഡി.) ചെന്നൈ ആസ്ഥാനമായുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻപവർമെന്റ് ഓഫ് പേഴ്സൺസ് വിത്ത് മൾട്ടിപ്പിൾ ഡിസെബിലിറ്റീസും (എൻ.ഇ.പി.എം.ഡി.) സംയുക്തമായി റീഹാബിലിറ്റേഷൻ കൗസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ സംഘടിപ്പിക്കുന്ന 'പഠനവൈകല്യം ഇൻക്ലൂഷൻ ആന്റ് ടെക്നോളജി' എന്ന വിഷയത്തെക്കുറിച്ചുള്ള ദേശീയ സെമിനാർ മെയ് 19, 20, 21 തീയതികളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ടക്കും. മുൻകൂട്ടി പേർ രജിസ്റ്റർ ചെയ്യുവർക്കാണ് പ്രവേശനം. രജിസ്ട്രേഷൻ മെയ് ഒൻപതിന് രാവിലെ 10 മുതൽ വൈകിട്ട് നാല് മണി വരെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കും കൂടുതൽ വിവരങ്ങൾക്ക് 9946226638 എ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/529/2022)

## കർഷകർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാർമിംഗ് ആൻഡ് സസ്റ്റൈനബിൾ അഗ്രികൾച്ചർ (ഐ.യു.സി.ഒ.എഫ്.എസ്.എ.), ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റെൻഷൻ (ഡി.എൽ.എൽ.), അതിരമ്പുഴ കൃഷിഭവൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'മണ്ണിന്റെ പോഷണ ഗുണപരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ബയോസയൻസ് പ്രൊഫസർ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. ശ്രീമതി. കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഷേർളി സക്കറിയാസ്, അഗ്രികൾച്ചർ ഓഫീസർ ഡോ. ഐറിൻ എലിസബത്ത് ജോൺ എന്നിവർ ക്ലാസ്സെടുത്തു. സന്തോഷ് പി. തമ്പി സ്വാഗതവും ശുഭാ ശശി നന്ദിയും അറിയിച്ചു.

**ക്യാപ്ഷൻ:** കർഷകർക്കായി സംഘടിപ്പിച്ച പരിപാടി പ്രൊ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/530/2022)

## റിസർച്ച് ഫെല്ലോ ഒഴിവ്

എം.ജി. യൂണിവേഴ്സിറ്റി ആബ്ടെക് എന്ന ഓർഗാനിക് കമ്പനിയുമായി ചേർന്ന് നടത്തുന്ന മൈക്രോന്യൂട്രിയന്റ്സ് ഫോർ അഗ്രികൾച്ചർ ആപ്ലിക്കേഷൻ എന്ന റിസർച്ച് പ്രോജക്ടുമായി ബന്ധപ്പെട്ട് റിസർച്ച് ഫെല്ലോ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അവസാന തീയതി മെയ് 10. വിശദിവിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/531/2022)

## റദ്ദാക്കിയ പരീക്ഷ

ഏപ്രിൽ 12 ന് നടത്തി പിന്നീട് റദ്ദാക്കിയ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്) (2018 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ എഫ്സി. 11 കോർപ്പറേറ്റ് അക്കൗണ്ടിംഗ് പേപ്പറിന്്റെ പുന:പരീക്ഷ മെയ് 10 ന് നടക്കും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/532/2022)

## പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ ഐ.എം.സി.എ./ഡി.ഡി.എം.സി.എ. (റെഗുലർ / സപ്ലിമെന്ററി) ഫെബ്രുവരി 2022 പരീക്ഷയുടെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 11 മുതൽ മെയ് 25 വരെ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക.

(പി.ആർ.ഒ./39/533/2022)

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ./ഡി.ഡി.എം.സി.എ. (റെഗുലർ / സപ്ലിമെന്ററി) ഫെബ്രുവരി 2022 പരീക്ഷയുടെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 9 മുതൽ മെയ് 24 വരെ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക.

(പി.ആർ.ഒ./39/534/2022)

## പരീക്ഷാ ഫീസ്

ഒന്നാം സെമസ്റ്റർ എം.എ. - എച്ച്.ആർ.എം. (2021 അഡ്മിഷൻ - റെഗുലർ / എം.എച്ച്.ആർ.എം. (2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി, 2018 & 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മെയ് 25 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 11 വരെയും 525 രൂപ പിഴയോടു കൂടി മെയ് 12 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 13 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ നിരക്കിലും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/535/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ